# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5876 — 28.03.2018 - ൽ മറുപടിക്ക്

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ പ്രമോഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.ശർമ്മ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ ജോലിയിൽ പ്രവേശിച്ച നിരവധിപേർ 15 വർഷത്തിലധികമായി പ്രമോഷൻ ലഭിക്കാതെ അതേ തസ്തികയിൽ തുടരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) | <u>ആരോഗ്യ വകുപ്പ്</u><br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്യുന്നവർ സീനിയോറിറ്റി സംബന്ധിച്ച വിഷയത്തിൽ കോടതി വ്യവഹാരത്തിൽ ഏർപ്പെട്ടുകയും ബന്ധപ്പെട്ട സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകുന്നത് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്യുകയും ചെയ്തിരുന്നു. ആയതിനാലാണ് പ്രൊമോഷൻ നടപടികൾ വൈകുന്ന സാഹചര്യം ഉണ്ടായത്. പ്രസ്തുത കേസുകളിൽ ബഹു. ഹൈക്കോടതി 02.03.2018 ൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. ഇക്കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ നിന്ന് പ്രൊമോഷൻ നൽകുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br><u>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്</u><br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 15 വർഷത്തിലധികമായി പ്രൊമോഷൻ ലഭിക്കാതെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ തുടരുന്ന ജീവനക്കാരാരും തന്നെ ഇല്ല. |
| ബി) | സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്തതിനാൽ ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | | |

Milan

സെക്ഷൻ ഓഫീസർ